SS – 164

25 A

# III Semester B.Com./B.B.A./B.H.M. Examination, Nov./Dec. 2018
## (CBCS) (2015-16 and Onwards)
## (Freshers and Repeaters)
## MALAYALAM LANGUAGE (Part – I) (Paper – III)

Time : 3 Hours | Max. Marks : 70

I. **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ആശയവും സന്ദർഭവും വ്യക്തമാക്കുക). **(4×3=12)**

1) ഒരു കയ്യുമതിനെത്തൊടേണ്ട ! അസ്പൃശ്യയാം
മുനികന്യയായ് തപം ചെയ്വൂ.

2) ജലമെടുക്കാനെന്നമട്ടിൽ ഞാൻ തിരുമുമ്പി –
ലൊരുനാള്ളുമെത്തിയിട്ടില്ല.

3) അലറിയലറിക്കേണിരമ്പി നിൽക്കുന്നു പൊൻ –
സട തിളങ്ങും കൂദ്ധ സിംഹം.

4) തീരെ മെലിഞ്ഞ കരം നീട്ടിട്ടവ
നാർത്തു വിളിപ്പൂ, തളരും തൊണ്ടയിൽ

5) കരയുന്നു ഗോകുലം മുഴുവനും : കൃഷ്ണാ നീ
മഥുരയ്ക്കു പോകുന്നുവത്രേ...

ST. CLARET COLLEGE LIBRARY

II. a) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (**ഒന്നരപ്പുറത്തിൽ** കവിയാതെ) **(2×6=12)**

1) അമ്പലമണിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുക.

2) ഒരു സ്വാതന്ത്ര്യദിനത്തിൽ എന്ന കവിതയ്ക്കു ആസ്വാദനം തയ്യാറാക്കുക.

3) കൃഷ്ണനോടുള്ള ഗോപികയുടെ പ്രണയം വ്യക്തമാക്കുക.

b) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (**ഒന്നരപ്പുറത്തിൽ** കവിയാതെ) **(2×6=12)**

1) വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഒരു മനുഷ്യൻ' എന്ന കഥയ്ക്കു ആസ്വാദനം തയ്യാറാക്കുക.

2) ഔസേപ്പു ചേട്ടന്റെ മൃഗസ്നേഹം ശബ്ദിക്കുന്ന കലപ്പയെ അടിസ്ഥാനമാക്കി വിവരിക്കുക.

3) കൊച്ചുനാരായണന്റെ സ്വഭാവം വിവരിക്കുക.

III. ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടരപ്പുറത്തിൽ** കവിയാതെ). **(1×14=14)**

1) ഒരു സ്വാതന്ത്ര്യദിനത്തിൽ എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

2) കൃഷ്ണാ നീ എന്നെയറിയില്ല എന്നു പറയാനുള്ള കാരണങ്ങൾ പാഠഭാഗത്തെ മുൻനിർത്തി വ്യക്തമാക്കുക.

IV. ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടരപ്പുറത്തിൽ** കവിയാതെ). **(1×14=14)**

1) പെൺകുഞ്ഞിന് ജന്മം നല്കുന്നതിന്റെ പേരിൽ തിരസ്ക്കരിക്കപ്പെടുന്ന സ്ത്രീ സമൂഹത്തെയാണ് പാപത്തറയിൽ വ്യക്തമാക്കുന്നത്. വിവരിക്കുക.

2) പരിചയമില്ലാത്ത സ്ഥലത്തു അകപ്പെട്ട ഒരു മനുഷ്യന്റെ അവസ്ഥ പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

V. ആശയം **മൂന്നിലൊന്നായി** സംഗ്രഹിക്കുക. **3**

മൂല്യച്യുതിയിൽ നിന്നു സമൂഹത്തെ സംരക്ഷിച്ചു നിർത്തുന്നതിനും ശാസ്ത്രപുരോഗതിക്കനുസൃതമായി സമൂഹത്തെ മൂല്യവൽക്കരിക്കാനുള്ള ഏറ്റവും നല്ല ഉപാധി വിദ്യാഭ്യാസ പരിഷ്കരണമാണ്. സ്വഭാവ രൂപവത്കരണമായിരിക്കണം വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം. അച്ചടക്കം, സത്യസന്ധത, ഐക്യബോധം, സഹിഷ്ണുത തുടങ്ങിയ സത് ഗുണങ്ങൾ പരിശീലിപ്പിക്കാൻ വിദ്യാലയങ്ങളിൽ ലഭിക്കുന്ന അവസരം മറ്റെവിടെയും കിട്ടില്ല. ദൗർഭാഗ്യവശാൽ ജീവിതത്തിന്റെ മറ്റെല്ലാ മേഖലകളെയും പോലെ വിദ്യാഭ്യാസ രംഗവും രാഷ്ട്രീയത്തിന്റെ അതിപ്രസരത്താൽ ഇന്നു കലുഷിതമാണ്. പണ്ഡിറ്റ് നെഹ്റു പറഞ്ഞിട്ടുള്ളതുപോലെ വിദ്യാർത്ഥികൾ മികച്ച സമ്പത്താണ്. അവർ തങ്ങളുടെ ശക്തി തെറ്റായ വഴിയിലേക്കു തിരിച്ചു വിടുന്നതും രാഷ്ട്രീയ കലഹങ്ങളിൽ ചെന്നു ചാടുന്നതും ദയനീയമാണ്. എന്നാൽ അവനവനു കിട്ടിയിട്ടുള്ള പ്രത്യേകാവസരത്തെ പ്രയോജനപ്പെടുത്തി ശരീരത്തിനും സ്വഭാവത്തിനും പരിശീലനം നൽകുകയാണ് ഒരു വിദ്യാർത്ഥിയുടെ പ്രാഥമിക കർത്തവ്യം. അതിനായി വിദ്യാർത്ഥികളെ പ്രേരിപ്പിക്കുകയും അവസരമൊരുക്കുകയും ചെയ്യുകയാണ് മുതിർന്നവർ ചെയ്യേണ്ടത്. എങ്കിൽ മാത്രമേ മൂല്യബോധമുള്ള ഒരു തലമുറ വളർന്നു വരുകയുള്ളൂ.

VI. നിങ്ങൾക്കിഷ്ടപ്പെട്ട ഒരു കവിയെക്കുറിച്ച് വിവരിക്കുക. **3**

---